വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഇന്ന് നടന്നുകൊണ്ടിരിക്കുന്ന പ്രക്ഷോഭം തീർക്കണമെന്ന് തീർച്ചയായും ഗവൺമെന്റിന് താൽപ്പര്യമുണ്ട്. എല്ലാ കാര്യങ്ങളിലും അവർ പറയുന്ന മാതിരി നമുക്ക് ചെയ്യാൻ സാധിക്കുകയില്ലല്ലോ. അപ്പുറവും ഇപ്പുറവും വിട്ടുവീഴ്ച വേണം. ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാണ്. യാതൊരു സംശയവും വേണ്ട. അദ്ധ്യാപക നേതാക്കളേയോ, വിദ്യാർത്ഥി നേതാക്കളേയോ ചർച്ചയ്ക്ക് വിളിക്കുന്നതിന് ഗവൺമെന്റിന് യാതൊരു വൈമുഖ്യവുമില്ല. ചർച്ചയ്ക്ക് വിളിക്കാം. സംസാരിക്കാം. ഓരോ വിഷയങ്ങളും ചർച്ച ചെയ്യാം. യാതൊരു വൈമുഖ്യവും ഗവൺമെന്റിനില്ല. അതിനനുസരിച്ചുള്ള പോസിറ്റീവായിട്ടുള്ള ആറ്റിറ്റ്യൂഡ് എല്ലാപേരും എടുക്കണമെന്നാണ് പറയുന്നത്.

(4) ദേവികുളം നിയോജകമണ്ഡലത്തിലെ അടിമാലി, ബൈസൻവാലി ഗ്രാമപഞ്ചായത്തുകളിലെ റോഡുപണി

ശ്രീ. എ. കെ. മണി: എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മെഴുകുംചാൽ ഇരുനൂറേക്കർ റോഡ് 10 കി.മി., അടിമാലി കൊരങ്ങാട്ടി തലമാലി റോഡ് 8 കി. മി., നാൽപ്പത്തേക്കർ കോമാളിക്കുടി റോഡ്, മൂന്നര കി. മി. ടീ കമ്പനി കുരങ്ങുപാറ റോഡ് മൂന്നര കി മി. ഇതെല്ലാം 4,99,77,000 രൂപയ്ക്കാണ് ടെന്റർ വിളിച്ചത്. 24.99 ശതമാനം ബിലോ റേറ്റിലാണ് ടെന്റർ വിളിച്ചത്. അടൂർ സുരേഷ് എന്ന വ്യക്തിയാണ് ടെന്റർ വിളിച്ചത്. 99,71,947 രൂപ അഡ്വാൻസ് വാങ്ങുകയും ചെയ്തു. ഇതുവരെ യാതൊരു പുരോഗതിയും ഇല്ലാതിരിക്കുകയാണ്. ഇതെല്ലാം ആദിവാസി മേഖലയിൽക്കൂടി കടന്നു പോകുന്ന റോഡുകളാണ്. ഈ റോഡുകൾ എത്രയുംവേഗം നന്നാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): നിർദ്ദിഷ്ട കാലപരിധിക്കുള്ളിൽ കോൺട്രാക്ടർ പണികൾ പൂർത്തിയാക്കാൻ സാധ്യതയില്ലെന്ന് മനസ്സിലാക്കിയതിനെ തുടർന്ന് നിയമാനുസൃതം നിലവിലുള്ള കരാർ റദ്ദാക്കുകയും കോൺട്രാക്ടറുടെ നഷ്ട ഉത്തരവാദിത്വത്തിൽ പണികൾ റീ-ടെന്റർ ചെയ്ത് എല്ലാ പണികളും പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരൻ ഇതുവരെ ചെയ്തിട്ടുള്ള പണികൾ തിരുവനന്തപുരം സബ്കോടതിയുടെ നിർദ്ദേശാനുസരണം അളന്ന് തിട്ടപ്പെടുത്തിയശേഷം പണികൾ റീ-ടെന്റർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(5) ഖാദി ഗ്രാമ വ്യവസായത്തിലെ എല്ലാ യൂണിറ്റുകളേയും ഉൾപ്പെടുത്തി മുൻകാല പ്രാബല്യത്തോടെ എസ്.ആർ.ഒ. പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്

ശ്രീ. വി. കെ. സി. മമ്മത്കോയ: കേരളത്തിലെ ഗ്രാമങ്ങളിൽ ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്ന വ്യവസായമാണ് ഖാദി ഗ്രാമ വ്യവസായ മേഖല. ഈ വ്യവസായത്തെ സംരക്ഷിക്കാൻ സർക്കാർ നൽകിവന്ന സഹായങ്ങളിൽ വളരെ പ്രധാനപ്പെട്ടതായിരുന്നു സെയിൽസ്ടാക്സ് ഇളവ്. ഈ ഇളവ് 1-4-2000 മുതൽ നിർത്തലാക്കി. അതിനുശേഷം മെഴുകുതിരി, ചന്ദനത്തിരി, സോപ്പ്, തീപ്പെട്ടി, തേൻ മുതലായ 21 ഇനങ്ങളെ ടാക്സിൽനിന്ന് ഒഴിവാക്കിക്കൊണ്ട് എസ്.ആർ.ഒ. 291/2000 ഇറക്കി. ഇതും 9-4-2003-ന്റെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിമൂലം ദുർബലപ്പെട്ടിരിക്കുകയാണ്. ഇതുകാരണം ഈ വ്യവസായം

LIBRARY ARCHIVES Kerala Legislative Assembly

അതിഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. അതിൽനിന്ന് ഈ വ്യവസായത്തെ രക്ഷിക്കാൻ 1-4-2000 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി നികുതി ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഖാദി ഗ്രാമ വ്യവസായ രംഗത്ത് 'വാറ്റ്' (VAT) നടപ്പിലാക്കും എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് നികുതിയിളവിൽ ഒരു നിയന്ത്രണം കൊണ്ടുവന്നത്. 1-1-2002-ൽ ഒരു എസ്.ആർ.ഒ. പുറപ്പെടുവിച്ചു. 10 ലക്ഷത്തിനു മുകളിൽ വിറ്റുവരവുള്ള യൂണിറ്റിന് നികുതി ബാദ്ധ്യതയുണ്ട്. 21 ഉൽപ്പാദക യൂണിറ്റുകൾക്ക് വിൽപ്പന നികുതി വാങ്ങലിന് എതിരായി ഒഴിവു നൽകുകയും ചെയ്തിട്ടുണ്ട്. മറ്റ് യൂണിറ്റുകൾക്ക് 1-4-2000 മുതൽ 4 ശതമാനം നികുതി ബാദ്ധ്യതയുണ്ട്. എല്ലാ യൂണിറ്റുകൾക്കും ഒഴിവു നൽകണമെന്ന് നിവേദനം കിട്ടിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കേരളത്തിലെ ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. 1-4-2000 മുതലുള്ള എല്ലാ ഖാദി യൂണിറ്റുകളും 4 ശതമാനം ടാക്സ് അടയ്ക്കേണ്ടതായിട്ട് ഒരു വിധി നിലനിൽക്കുന്നുണ്ട്. നികുതി ഒഴിവ് റദ്ദാക്കിയത് എംപവേർഡ് കമ്മിറ്റിയാണ്. അവരുമായി ആലോചിച്ച് വേണ്ടത്ര അനുകൂലമായ ഒരു തീരുമാനമെടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ തീരുമാനം.

(6) ആലപ്പുഴ ബൈപ്പാസിന്റെ രണ്ടാം ഘട്ടം സമയബന്ധിതമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. സി. വേണുഗോപാൽ: ദേശീയപാതയിലെ ഏറ്റവും പ്രധാനപ്പെട്ട ബൈപാസിലുള്ളതാണ് ആലപ്പുഴ ബൈപ്പാസ്. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വർഷങ്ങൾക്കു മുമ്പ് ആരംഭിച്ചുവെങ്കിലും ഒന്നും അഞ്ചും റീച്ചുകൾ മാത്രമേ പൂർത്തിയാക്കിയുള്ളൂ. ബാക്കി രണ്ടാം ഘട്ട നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നത് സ്വാഗതാർഹമാണ്. ടെന്റർ നടപടികൾ പൂർത്തിയാക്കി, അതിന്റെ പണികൾ ഉടൻ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഇതിന്റെ നടപടികൾ വളരെ ധൃതഗതിയിൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ടെന്റർ ലഭിക്കേണ്ട അവസാന തീയതി 12-8-2003 ആണ്. ബാക്കി ഡീറ്റെയിൽസൊന്നും പറയുന്നില്ല. നടപടികളൊക്കെ പൂർത്തിയാക്കുന്ന മുറയ്ക്ക് പണികൾ ആരംഭിക്കും.

V. നിയമനിർമ്മാണകാര്യം

2003-ലെ കേരള സർവ്വകലാശാലകൾ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം (ചർച്ച തുടർച്ച)

ശ്രീ. എ. എൻ. രാജൻ ബാബു: (തുടർച്ച), സർ, ഒരു ഐറിഷ് കോടതിയുടെ മുമ്പാകെ അഡ്വക്കേറ്റ് കരൺ വാദം നടത്തിയപ്പോൾ അദ്ദേഹത്തിന്റെ വാദഗതികളോട് എതിർപ്പുണ്ടായിരുന്ന ജഡ്ജി പറയുകയുണ്ടായി, Mr. Karan, if you said is law, I will burn all my Law Books. അതിന് അദ്ദേഹം വളരെ വിനയത്തോടുകൂടി പറഞ്ഞ മറുപടി, No My Lord, better read them. ഇതാണ് എനിക്ക് ഇപ്പോൾ പ്രതിപക്ഷത്തോട് പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly